**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 269** | **22-07-2021 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിനെ പ്രൊഫഷണലാക്കാനുള്ള കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്കിനെ പ്രൊഫഷണലാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം സേവനങ്ങളാണ് പുതിയതായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ മുഴുവൻ ശാഖകളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള കോർ ബാങ്കിംഗ് (CBS) നടപ്പാക്കുന്നതിന്റെ അവസാന ഘട്ടത്തിലാണ്. ഇതോടൊപ്പം ഡിജിറ്റൽ ബാങ്കിംഗ് പദ്ധതിയും നടപ്പാക്കുന്നുണ്ട്. ഇതോടുകൂടി എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യവും ഇടപാടുകാർക്ക് നൽകാൻ പ്രാപ്തമാകും. വ്യത്യസ്ത കോർബാങ്കിംഗ് സൊല്യൂഷനുകളിൽ പ്രവർത്തിക്കുന്ന കേരള ബാങ്കിന്റെ ഓഫീസുകളെ ഒരു ഏകീകൃത കോർബാങ്കിംഗ് സംവിധാനത്തിൽ കൊണ്ടുവരുകയും അതു മുഖാന്തിരം കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഉപയോഗ പ്രദമായ രീതിയിൽ ആധുനിക ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഏകീകൃത കോർബാങ്കിംഗ് സംവിധാനം നടപ്പിൽ വരുന്നതോടുകൂടി RTGS/NEFT, Mobile Banking, IMPS(Immediate Payment System), Internet Banking, UPI(Unified Payment Interface), BBPS (Bharat Bill Payment System), CTS (Cheque Truncation System), ATM, Micro ATM, FAST ag, AEPS (Aadhaar Enabled Payment System), E-KYC, CKYC, PFMS (Public Finance Management System), DMR (Digital Member Register), NACH (National Automated Clearing House) മുതലായ ഡിജിറ്റൽ സേവനങ്ങൾ എല്ലാം തന്നെ കേരള ബാങ്കിലൂടെ ലഭ്യമാകുന്നതാണ്. കേരളത്തിലെ എല്ലാ ജനവിഭാഗങ്ങ ളുടെയും വായ്പാ ആവശ്യങ്ങൾക്കും ഉതകുന്ന പുതിയ വായ്പ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. സൂക്ഷ്മ, ചെറുകിട, ഇടത്തര വായ്പ ( MSME) പദ്ധതി വഴി സ്റ്റാർട്ടപ്പുകൾക്കും സ്വയം സംരംഭകർക്കും വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വായ്പകൾ അനുവദിച്ചിട്ടുണ്ട്. കാർഷിക ആവശ്യ ങ്ങൾക്കായി |

| | | | |
|---|---|---|---|
| | | | കർഷകർക്ക് സബ്സിഡി യോടുകൂടിയ വായ്പ പദ്ധതികൾ കേരള ബാങ്ക് ആവിഷ്കരിച്ചിട്ടുണ്ട്. സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും ഉതകുന്ന രൂപത്തിൽ പല വിധത്തിലുള്ള CASA (Current/Savings) അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഏതു കമ്പനിക്കാണ് ഇത് സംബന്ധിച്ച കരാർ നൽകിയിട്ടുള്ളത്; | (ബി) | പ്രൊഫഷണിലിസവുമായി ബന്ധപ്പെട്ട് ഒരു കമ്പനിയുമായും കരാറിൽ ഏർപ്പെട്ടിട്ടില്ല. |
| (സി) | ഏതൊക്കെ കമ്പനികളാണ് ഇതു സംബന്ധിച്ച ടെണ്ടറിൽ പങ്കെടുത്തിട്ടുള്ളത്; വിശദമാക്കുമോ? | (സി) | CBS (Core Banking Solutions) DC/DR/NDR അനുബന്ധ സർവ്വീസുകൾ RFP ക്ക് രണ്ട് വെണ്ടർമാരിൽ നിന്നും പ്രൊപ്പോസൽ (bid) ലഭിക്കുകയുണ്ടായി. M/s.Wipro, M/s EIT എന്നിവരാണ് ടി വെണ്ടർമാർ. Omni Channel RFP ക്ക് 5 വെണ്ടർമാരിൽ നിന്നും പ്രൊപ്പോസൽ (bid) ലഭിക്കുകയുണ്ടായി. M/s. Brainotics, M/s. Ewire, M/s.lexced, M/s. Infrasoft, M/s.Profinch എന്നിവരാണ് ടി വെണ്ടർമാർ. |

സെക്ഷൻ ഓഫീസർ